
# FUSHION PARADISE


കാലിക–കൊളോണിയൽ ശൈലിയുടെ ഘടകങ്ങൾ ഇണക്കിച്ചേർത്തുകൊണ്ട് ഒരു ഫ്യൂഷൻ പാരഡൈസായിട്ടാണ് ഈ വീട് തീർത്തിരിക്കുന്നത്. അമരാവതി കൺസ്ട്രക്ഷൻസിന്റെ സാരഥി സി. പ്രകാശ് നല്ലോട്ടിൽ ആണ് ഭവനം ഡിസൈൻ ചെയ്തിരിക്കുന്നത്












ഇറ്റാലിയൻ ലെതർ കൊണ്ട് അപ്ഹോൾസ്റ്ററി ചെയ്ത രാജകീയ ഇരിപ്പിടങ്ങളാണ് സ്വീകരണ മുറിയിൽ.

അനവധി സ്വപ്നങ്ങളുടെ സാക്ഷാത്ക്കാരമാണ് ഓരോ വീടും. കുടുംബാംഗങ്ങൾ എല്ലാവരുടെയും ഇഷ്ടങ്ങൾ പാലിച്ചുകൊണ്ടാണ് വീട് പണിയുന്നത്. വീട്ടുകാരുടെ മാത്രമല്ല, നാട്ടുകാരുടെയും വീട് കാണുന്ന ഓരോരുത്തരുടെയും മനസ്സിൽ ചേക്കേറുന്നതാണ് ഈ വീട്. ആലപ്പുഴ ഹരിപ്പാട് ചിങ്ങോലിയാണ് ഈ വീടിന്റെ സ്വദേശം. കാലികശൈലിയുടെയും കൊളോണിയൽ ഘടകങ്ങളും ഇണക്കിച്ചേർത്തുകൊണ്ട് ഒരു ഫ്യൂഷൻ പാരഡൈസായിട്ടാണ് ഈ വീട് തീർത്തിരിക്കുന്നത്. ഡിസൈനിംഗ് രംഗത്ത് പതിമൂന്ന് വർഷത്തോളമായി പ്രവർത്തിക്കുന്ന അമരാവദി കൺസ്ട്രക്ഷൻസിന്റെ സാരഥി സി. പ്രകാശ് നല്ലോട്ടിൽ ആണ് ഭവനം രൂപകല്പന ചെയ്തിരിക്കുന്നത്.

ഹരിപ്പാട് ചിങ്ങോലിയാണ് വീട്. പ്രവാസിയായ ഹമീദ് ഷാഫിക്കും കുടുംബത്തിനുമായി ചിട്ടപ്പെടുത്തിയതാണ് വീട്. അഞ്ചു കിടപ്പുമുറികൾ. വിശാലമായ ഇന്റീരിയർ, ആധുനിക സൗകര്യങ്ങളും പ്രൗഢിയും നിറയുന്നതാകണം വീടെന്നതായിരുന്നു ക്ലൈന്റിന്റെ ആഗ്രഹം. കുടുംബാംഗങ്ങളുടെ എല്ലാ ആഗ്രഹങ്ങളും സാക്ഷാത്കരിച്ചിട്ടുണ്ട് ഈ വീട്ടകത്ത്. പ്ലോട്ടിന്റെ ഇരുഭാഗത്തും റോഡാണ്. ഇരു റോഡിൽ നിന്ന് നോക്കിയാലും മുൻവശമായി തോന്നണമെന്തായിരുന്നു ക്ലൈന്റിന്റെ താൽപര്യം. ആ രീതിയിൽ തന്നെയാണ് വീടിന്റെ എലിവേഷൻ ചിട്ടപ്പെടുത്തിയിരിക്കുന്നത്. ചുറ്റുമതിൽ കൊണ്ട് സുരക്ഷിതമാക്കിയിട്ടുണ്ട് പ്ലോട്ട്. ഷെറാബോർഡും ഡി.ഐ.സ്ക്വയർ പൈപ്പും കൊണ്ടാണ് ഗേറ്റ്. മുറ്റത്ത് മുഴുവൻ നാച്ചുറൽ സ്റ്റോണിന്റെ ചെറിയപാളികൾ വിരിച്ചിട്ടുണ്ട്. ഗ്രേ-വൈറ്റ് നിറങ്ങളാണ് എക്സ്റ്റീരിയർ വാളിൽ. കണ്ടംപ്രറി-കൊളോണിയൽ എലിമെന്റുകളാണ് എലിവേഷനിൽ ഉപയോഗിച്ചിരിക്കുന്നത്. മേൽക്കൂരയിൽ ഷിംഗിൾസാണ്. ഇതിനൊപ്പം അക്രിലികും ഉപയോഗിച്ചിട്ടുണ്ട്. ഉയരക്കൂടുതലുള്ള ഗേബിളുകൾ കൊളോണിയൽ ശൈലിയുള്ളതാണ്. കാർ പ്പോർച്ചിനും സ്റ്റൗട്ടിനും ഇടയിലുള്ള ഭാഗം ഒരു ഗാർഡനാക്കി മാറ്റിയിരിക്കുന്നു. കൽബെഞ്ചും പെബിൾസുമൊക്കെയാണ് ഇവിടെ. ഒരു ഗസിബോയുടെ ഭാവപ്പകർച്ച ഇവിടെ കാണാവുന്നതാണ്. വെർട്ടിക്കൽ ഹൊറിസോണ്ടൽ പർഗോളകളും ഗ്ലാസും കൊണ്ടാണ് ഈ മിനി ഗാർഡൻ. പാരപ്പെറ്റ് വാളിന് ജി.ഐ ആണ്. കാലിക-വൈദേശികശൈലിയുടെ സമന്വയമാണ് ഈ പാർപ്പിടത്തിന്റെ എലിവേഷൻ.

വീട്ടകത്തേക്ക് വെളിച്ചമെത്തിക്കുന്നത് ഈ സൈഡ് കോർട്ടി യാർഡാണ്

വീടിന്റെ വാതിലും ജനലും അവയുടെ ഫ്രെയ്മുമൊക്കെ തേക്കിലാണ്. സിറ്റൗട്ട് മുതൽ ഫ്ളോറിംഗിന് ഗ്രാനൈറ്റാണ്. കിടപ്പുമുറികളിൽ വിട്രിഫൈഡ് ടൈലാണ്. വീടിന്റെ ബാഹ്യപ്രൗഢി ഇന്റീരിയറിന്റെ ഓരോ കോണിലും ആവർത്തിച്ചിട്ടുണ്ട്. ഇറ്റാലിയൻ ലെതർ കൊണ്ട് അപ്ഹോൾസ്റ്ററി ചെയ്ത രാജകീയ ഇരിപ്പിടങ്ങളാണ് സ്വീകരണ മുറിയിൽ. ആഡംബരത്തിന്റെ മാറ്റ് ഒട്ടും കുറയാ





ആഢംബരത്തിന്റെ മാറ്റ് ഒട്ടും കുറയാതെയാണ് ഡ്രോയിംഗ് റൂം ഒരുക്കിയിരിക്കുന്നത്.

തെയാണ് ഡ്രോയിംഗ് റൂം ഒരുക്കിയിരിക്കുന്നത്. വിശാലമായ ജാലകങ്ങൾ മുറികളിൽ ധാരാളം കാറ്റും വെളിച്ചവുമെത്തിക്കുന്നു. സീലിംഗ് തയ്യാറാക്കിയിരിക്കുന്നത് ജിപ്സവും വെനീറും ഉപയോഗിച്ചാണ്. മികച്ച പ്രകാശ സംവിധാനവും സ്വീകരണമുറിയുടെ പ്രൗഢി വർദ്ധിപ്പിക്കുന്നു. പ്രൈവസിക്കും പ്രാധാന്യം നൽകിയാണ് അകത്തളസൗകര്യങ്ങൾ ചിട്ടപ്പെടുത്തിയിട്ടുള്ളത്. ഫോയറിൽ നിന്നാണ് സ്വീകരണ മുറിയിലേയ്ക്ക് എത്തുന്നത്. ആധുനികരംഗ സജ്ജീകരണങ്ങൾ എല്ലാം ഒത്തിണങ്ങുന്നതാണ് സ്വീകരണമുറി. ഫങ്ഷനും ഭംഗിക്കും തുല്യ പ്രാധാന്യം നൽകികിയാണ് ഡ്രോയിംഗ് റൂം ഒരുക്കിയിരിക്കുന്നത്.

ഫോയറിൽ നിന്നു തന്നെയാണ് ഫാമിലി ലിവിംഗിലേയ്ക്ക് എത്തുന്നത്. മുകൾ നിലയിലേയ്ക്ക് പോകുന്ന സ്റ്റെയറിനരുകിലായിട്ടാണ് ഫാമിലി ലിവിംഗ്. ലെതർ അപ്ഹോൾസ്റ്ററി ചെയ്തിരിക്കുന്ന ഇരിപ്പിടങ്ങളാണ് ഇവിടെയും. നിറത്തിലാണ് വ്യത്യാസം. വീട്ടകത്തെ എന്റർടെയിൻമെന്റ് ഏരിയയും ഇതു തന്നെയാണ്. ഭിത്തിയിൽ പ്ലൈവുഡ് കൊണ്ട് പാനലിംഗ് ചെയ്താണ് ടി.വി.ഉറപ്പിച്ചിരിക്കുന്നത്. പ്രത്യേകം പാറ്റേണിലാണ് സീലിംഗ്. സ്റ്റെയറിന്റെ അടിഭാഗം ഷോക്കേസാക്കി മാറ്റിയിരിക്കുന്നു. ബുക്ക് ഷെൽഫും ക്യൂരിയോസ് പ്രദർശനവുമൊക്കെ ഇവിടെത്തന്നെയാണ്. മറൈൻ പ്ലൈവുഡിലാണ് ഇവയൊക്കെ തീർത്തിരിക്കുന്നത്. ഡൈനിംഗും ഫാമിലി ലിവിംഗും വേർതിരിക്കുന്നതിന് ഒരു ജാളിപാർട്ടീഷനും നൽകിയിട്ടുണ്ട്. സ്റ്റെയറിൽ ലപ്പോത്ര ഗ്രാനൈറ്റാണ്. റെയിൽ തയ്യാറാക്കിയിരിക്കുന്നത് എസ്.എസും വുഡും കൊണ്ടാണ്. സ്റ്റെയറിന്റെ സ്റ്റെപ്പുകളിൽ എൽ.ഇ.ഡി. ലൈറ്റുകളും നൽകിയിട്ടുണ്ട്.

ഫാമിലി ലിവിംഗിനോട് ചേർന്നാണ് ഡൈനിംഗ്. പ്രൈവസി ലഭിക്കത്തക്കവിധത്തിലാണ് ഡൈനിംഗ്. വുഡിൽ തീർത്ത ഡൈനിംഗ് ടേബിളിന്റെ ടോപ്പ് നാനാവൈറ്റാണ്. ബെഞ്ചിൽ കുഷ്യൻ നൽകിയാണ് ഇരിപ്പിടങ്ങൾ. ജിപ്സവും വെനീറും കൊണ്ട് സീലിംഗ് ഫീച്ചർ ചെയ്തിട്ടുണ്ട്. ഭിത്തിയിൽ ഒരു ഓപ്പൺ ഷെൽഫാണ്. ഡൈനിംഗിൽ നിന്ന് പുറത്തേക്കുള്ള വാതിൽ വിശാലമായിട്ടാണ്. അതുകൊണ്ട് തന്നെ മുറ്റത്തെ കാഴ്ചകൾ വീട്ടകത്തേയ്ക്ക് എത്തുന്നു. വാതിലുകൾ തുറന്നിട്ടുകഴിഞ്ഞാൽ ഡൈനിംഗ് പ്രകൃതിയുടെ ഭാഗമാകുന്നു. ഒരു പാഷിയോടുടെ ധർമ്മം കൂടി നിർവ്വഹിക്കുന്നുണ്ട് ഈ ബാഗം. മുറ്റത്തല്ലെങ്കിലും മുറ്റത്തിന്റെ ഭാഗമാക്കാവുന്ന രീതിയിലാണ് ക്രമീകരണം. ദീർഘവീക്ഷണത്തോടെയാണ് പ്രകാശ് ഈ വീട്ടകത്തെ സൗകര്യങ്ങൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.

ഡൈനിംഗും കിച്ചണും തുറന്ന് കിടക്കുന്ന രീതിയിലാണ്. ഷോ കിച്ചൺ ഐലന്റ് മാതൃകയിലാണ്. മറൈൻ പ്ലൈവുഡിലാണ് ക്യാ



**സി.പ്രകാശ്**
**നല്ലോട്ടിൽ**
അമരാവതി
കൺസ്ട്രക്ഷൻസ്
ഹരിപ്പാട്
ഫോൺ 98475 56699





മുകൾ നിലയിലേയ്ക്ക് പോകുന്ന സ്റ്റെയറിനരുകിലായിട്ടാണ് ഫാമിലി ലിവിംഗ്.

സീലിംഗ് ഫീച്ചേഴ്സും വാൾ പാനലിംഗും, വാൾപേപ്പറും ബെഡ്റൂമിനെ വ്യത്യസ്തമാക്കുന്നു.



ബിനറ്റുകൾ തീർത്തിരക്കുന്നത്. ഹൈഗ്ലോസി ലാമിനേറ്റുകൊണ്ടാണ് ഫിനിഷ്. കൗണ്ടർടോപ്പ് ഗ്രാനൈറ്റാണ്. ബ്രേക്ക് ഫാസ്റ്റ് കൗണ്ടറോട് കൂടിയതാണ് കിച്ചൺ കൗണ്ടർ. ഗ്രേ-യെല്ലോ, വൈറ്റ് നിറാശയത്തിലാണ് കിച്ചൺ. പ്ലാൻലാക്ക് ഗ്ലാസ് കൊണ്ടാണ് ഷട്ടറുകൾ. സിലിണ്ടറിക്കൽ ഹുഡാണ്. അൾട്രമോഡേൺ കിച്ചണാണ് ഇവിടെ ഒരുക്കിയിരിക്കുന്നത്. ഇതു കൂടാതെ ഒരു വർക്കിംഗ് കിച്ചണും ഫയർ കിച്ചണും ഉണ്ട്. വർക്കിംഗ് കിച്ചൺ റെഡ്-വൈറ്റ് കളർ കോമ്പിനേഷനിലാണ്. ഭിത്തിയിൽ ടൈൽ ക്ലാഡ് ചെയ്തിരിക്കുന്നു. മൾട്ടിവുഡിലാണഅ ക്യാബിനറ്റുകൾ. ഫിനിഷ് ലാമിനേറ്റുകൊണ്ടാണ്. വീടിന്റെ മൊത്തം പ്രൈഡിയോടും ഇണങ്ങിനിൽക്കുന്നതാണ് അടുക്കളയുടെ ക്രമീകരണം.

സ്റ്റെയർ താങ്ങിയെത്തുന്ന ഭാഗത്താണ് അപ്പർലിവിംഗ്. കുടുംബാംഗങ്ങൾക്ക് ഒത്തുകൂടുന്നതിനും സമയം ചെലവഴിക്കുന്നതിനുമായിട്ടാണ് അപ്പർലിവിംഗ് തയ്യാറാക്കിയിരിക്കുന്നത്. ലെതർ അപ്ഹോൾസ്റ്ററി ചെയ്തിരിക്കുന്ന സോഫയാണ് പ്രധാന ഇരിപ്പിടം. അപ്പർ ലിവിംഗിലെ സീലിംഗ് പ്രത്യേകം

**സ്റ്റെയർ താണ്ടിയെത്തുന്ന ഭാഗത്താണ് അപ്പർ ലിവിംഗ്. കുടുംബാംഗങ്ങൾക്ക് ഒത്തുകൂടുന്നതിനും സമയം ചെലവഴിക്കുന്നതിനുമായിട്ടാണ് അപ്പർലിവിംഗ് തയ്യാറാക്കിയിരിക്കുന്നത്.**



ഷെറാബോർഡും ജി.ഐ.സ്ക്വയർ പൈപ്പും കൊണ്ടാണ് ഗേറ്റ്.





ഹമീദ് ഷാലിയും കുടുംബവും



**വീട്ടകത്തെ സൗക ര്യങ്ങൾക്കൊപ്പം ഒരു കൺസൽട്ടിംഗ് റൂമും സജ്ജീകരിച്ചിട്ടുണ്ട്. ഡോക്ടേഴ്സായ മക്കളുടെ ഇഷ്ടം മാനിച്ചാണ് ഒരു കൺസൽട്ടിംഗ് റൂം ഒരുക്കിയിരിക്കുന്നത്.**

സ്റ്റെയറിന്റെ അടിഭാഗം ഷെൽഫാക്കി മാറ്റിയിരിക്കുന്നു



## HOME INFO

| | |
|---|---|
| ക്ലൈന്റ് | **ഹമീദ് ഷാലി** |
| ലൊക്കേഷൻ | **ചിങ്ങോലി, ഹരിപ്പാട്** |
| പ്ലോട്ട് | **32 സെന്റ്** |
| ഏരിയ | **5241 ചതുരശ്രയടി** |
| സ്ട്രെക്ചർ | **ആർ.സി.സി.ചുടുകട്ട** |
| റൂഫ് | **ഷിംഗിൾസ്, അക്രിലിക്** |
| ഗേറ്റ് | **ഷെറാബോർഡ്, ജി.ഐ** |
| മുറ്റം | **നാച്ചുറൽ സ്റ്റോൺ** |
| ഡോർസ് & വിൻഡോസ് | **തേക്ക്** |
| ഫ്ളോറിംഗ് | **ഗ്രാനൈറ്റ്, വിട്രിഫൈഡ് ടൈൽ** |
| ഫർണിച്ചർ | **സോളിഡ് വുഡ്** |
| അപ്ഹോൾസ്റ്ററി | **ലെതർ** |
| പാർട്ടീഷൻ | **മറൈൻ പ്ലൈവുഡ്** |
| സീലിംഗ് | **ജിപ്സം, വെനീർ** |
| കിച്ചൺ | **മറൈൻ പ്ലൈവുഡ്, ഹൈഗ്ലോസി ലാമിനേറ്റ്** |
| കൗണ്ടർ ടോപ്പ് | **നാനാവൈറ്റ്** |
| ക്യാബിനറ്റ് ഷട്ടർ | **പ്ലാൻലാക്ക് ഗ്ലാസ്** |
| സ്റ്റെയർ | **ലപ്പോത്ര ഗ്രാനൈറ്റ്** |
| ഹാന്റ് റെയിൽ | **എസ്.എസ്.വുഡ്** |

**സി.പ്രകാശ് നല്ലോട്ടിൽ**
**അമരാവതി കൺസ്ട്രക്ഷൻസ്**
**ഹരിപ്പാട്**
**ഫോൺ 98475 56699**

പാറ്റേണിലാണ് തയ്യാറാക്കിയിരിക്കുന്നത്. ജിപ്സവും വെനീറും കളർ ലൈറ്റുകളും ചേരുന്നതോടെ സീലിംഗ് സുന്ദരമാകുന്നു.

അകിസ്റ്റിക് സജ്ജീകരണങ്ങൾ എല്ലാം ഒത്തുചേരുന്ന ഒരു ഹോം തീയറ്ററും വീടിന്റെ ഭാഗമാണ്. എട്ടുപേർക്കിരുന്ന് കാണാവുന്ന സീറ്റിംഗ് സൗകര്യവും പരവതാനി വിരിച്ച ഫ്ളോറും ഹോം തീയറ്ററിനെ ഒരു മിനി തീയറ്ററാക്കി മാറ്റുന്നു. ആഢംബരത്തിനൊപ്പം ആനന്ദവും വീടിന്റെ ഭാഗമായി മാറുന്നു ഇവിടെ.

അഞ്ചു കിടപ്പുമുറികളാണ് ഇവിടുള്ളത്. മറ്റുമുറികളിൽ നിന്ന് വ്യത്യസ്തമായി ഫങ്ഷന് പ്രാധാന്യം നൽകിയാണ് കിടപ്പുമുറികൾ സജ്ജീകരിച്ചിരിക്കുന്നത്. സീലിംഗ് ഫീച്ചേഴ്സും വാൾ പാനലിംഗും, വാർപേപ്പറും ബെഡ്റൂമിനെ വ്യത്യസ്തമാക്കുന്നു. മികച്ച വെന്റിലേഷൻ സൗകര്യങ്ങളുമുണ്ടിവിടെ. ഉപയോഗിക്കുന്ന ആളിന്റെ ഇഷ്ടത്തിനാണ് പ്രാധാന്യം നൽകിയിരിക്കുന്നത്. കിടപ്പുമുറികളും അങ്ങനെതന്നെ. ബാത്ത് അറ്റാച്ച്ഡാണ് കിടപ്പുമുറികളെല്ലാം. നാനാ വൈറ്റ് വാഷ് കൗണ്ടറും ഫ്ളോർ ടു സീലിംഗ് ടൈൽ ക്ലാഡിംഗും ബാത്ത് റൂമിനെ ആഡംബരപൂർണ്ണമാക്കുന്നു.

വീട്ടകത്തെ സൗകര്യങ്ങൾക്കൊപ്പം ഒരു കൺസൽട്ടിംഗ് റൂമും സജ്ജീകരിച്ചിട്ടുണ്ട്. ഡോക്ടേഴ്സായ മക്കളുടെ ഇഷ്ടം മാനിച്ചാണ് ഒരു കൺസൽട്ടിംഗ് റൂം ഒരുക്കിയിരിക്കുന്നത്. ഒരു ക്ലൈന്റിനെ അവരുടെ ഇഷ്ടങ്ങളുടെ സാക്ഷാത്കാരം നൽകി സംതൃപ്തരാക്കുക എന്നതാണ് ഒരു ഡിസൈനറുടെ മുഖ്യ ചുമതല. അക്കാര്യത്തിൽ ഡിസൈനർ പ്രകാശിന് മുഴുവൻ മാർക്കും നൽകാം. ഒപ്പം ദീർഘവീക്ഷണത്തോടെയും കലാനിപുണതയോടെയുള്ള സംരചനയ്ക്കും. ●

